Prepp
Your Personal Exams Guide

## SECTION A

**Q1. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും 150 വാക്കുകളിൽ കവിയരുത്.** *10×5=50*

(a) മലയാള ഭാഷോല്പത്തിസിദ്ധാന്തങ്ങളിൽ സംസ്കൃതജന്യവാദത്തിന് പ്രസക്തിയുണ്ടോ ? വിമർശാത്മകമായി പരിശോധിക്കുക. *10*

(b) തമിഴ് മലയാളമായി പരിണമിച്ചുകൊണ്ടിരുന്ന അന്തരാള ദശയിലെ ഭാഷയാണ് ഭാഷാകൗടിലീയത്തിലേത് എന്ന പണ്ഡിതമതത്തിന്റെ സാംഗത്യം എന്ത് ? *10*

(c) ലീലാതിലകം നൽകുന്ന പാട്ടിന്റെ ലക്ഷണം രാമചരിതത്തിനും നിരണം കൃതികൾക്കും എത്രത്തോളം യോജിക്കുന്നുണ്ടെന്ന് വിശകലനം ചെയ്യുക. *10*

(d) പതിനാറാം ശതകംവരെ കേരളത്തിൽ പ്രബലമായിരുന്ന പാട്ട്, മണിപ്രവാളം എന്നീ പ്രസ്ഥാനങ്ങളിൽ നിന്ന് കൃഷ്ണഗാഥയിലെ ഭാഷ എങ്ങനെ വ്യത്യസ്തമാകുന്നു ? *10*

(e) ശാസ്ത്രവിഷയങ്ങളുടെ ആവിഷ്കരണത്തിനും വിനിമയത്തിനും മലയാളഭാഷ എത്രത്തോളം സജ്ജമായിട്ടുണ്ടെന്ന് വിലയിരുത്തുക. *10*

**Q2. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) കേവലമായ തർജ്ജമയ്ക്കുപരി നവീനമായ ഒരു ഭാഷാവതരണരീതിയും സാംസ്കാരികോദ്ഗ്രഥനവുമാണ് എഴുത്തച്ഛന്റെ കാവ്യപ്രസ്ഥാനം - ഉപപാദിക്കുക. *20*

(b) തെക്കൻപാട്ടുകളുടെയും വടക്കൻ പാട്ടുകളുടെയും ഭാഷാപരമായ പ്രത്യേകതകൾ തുലനം ചെയ്ത് വിശദീകരിക്കുക. *15*

www.prepp.in

Prepp
Your Personal Exams Guide

(c) മലയാളഭാഷയുടെ ഉല്പത്തിസംബന്ധമായി ആറ്റൂർ കൃഷ്ണപിഷാരടി അവതരിപ്പിച്ച സിദ്ധാന്തം യുക്തിസഹമോ എന്നു് പര്യാലോചിക്കുക. 15

**Q3. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) പണ്ഡിതപാമരഭേദമെന്യേ എല്ലാവർക്കും പ്രാപ്യമായ ഒരു ഭാഷാനിർമ്മിതിയിലൂടെ കഥാകഥനം നടത്തുകയാണ് തുള്ളൽ കൃതികളിലൂടെ കുഞ്ചൻ നമ്പ്യാർ ചെയ്തത് - ചർച്ച ചെയ്യുക. 20

(b) മണിപ്രവാളത്തിലെ കേരളഭാഷയുടെ സ്വരൂപത്തെ സംബന്ധിച്ച് ലീലാതിലകം നൽകുന്ന ഉൾക്കാഴ്ചകൾ എന്തൊക്കെ ? 15

(c) കേരളപാണിനി അവതരിപ്പിച്ച ആറു നയങ്ങളിൽ സ്വരസംവരണം, വിലോപസംഗ്രഹം എന്നിവ വിശദീകരിക്കുക. 15

**Q4. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) ക്രിസ്തീയ മിഷണറിമാരുടെ മലയാളഭാഷാപോഷണ യത്നങ്ങളെക്കുറിച്ച് വിവരിക്കുക. 20

(b) അവ്യവസ്ഥിതമായ ഒരു ഭാഷാശൈലിയാണ് പ്രാചീന ചമ്പുക്കളിൽ പ്രകടമാകുന്നത് എന്ന നിരീക്ഷണത്തിന്റെ സാധുത പരിശോധിക്കുക. 15

(c) മാതൃഭാഷയാണ് ഭരണഭാഷയാകേണ്ടത് എന്ന വാദത്തിന്റെ പ്രസക്തിയെന്ത് ? വിമർശാത്മകമായി വിലയിരുത്തുക. 15

Prepp
Your Personal Exams Guide

## SECTION B

**Q5. എല്ലാചോദ്യങ്ങൾക്കും ഉത്തരമെഴുതുക. ഓരോ ഉത്തരവും 150 വാക്കുകളിൽ കവിയരുത്.** *10×5=50*

(a) ലാളിത്യത്തിന്റെയും ആത്മാർത്ഥതയുടെയും മുഖമുദ്രകളാണ് നാടൻപാട്ടുകളെ ഏറെ ആകർഷകമാക്കുന്നത് - വിചിന്തനം ചെയ്യുക. *10*

(b) കാവ്യഭാഷയെ ജനകീയമാക്കുന്നതിൽ വെണ്മണിക്കവികൾ വഹിച്ച പങ്കെന്തെന്ന് വ്യക്തമാക്കുക. *10*

(c) കോട്ടയം തമ്പുരാന്റെ ആട്ടക്കഥകളെ കൂടുതൽ രംഗപ്രയോഗക്ഷമമാക്കിയത് അവയിലെ അനിതരസാധാരണമായ രചനാവൈഭവമാണ് - സമർത്ഥിക്കുക. *10*

(d) മലയാളത്തിലെ ജീവചരിത്രസാഹിത്യപ്രസ്ഥാനത്തെ വ്യവസ്ഥാപിതമാക്കുന്നതിൽ പി. കെ. പരമേശ്വരൻനായർ വഹിച്ച പങ്കെന്ത് ? *10*

(e) ഭാരതത്തിന്റെ സാംസ്കാരിക പൈതൃകവും മാനവികതാബോധവും ഉള്ളൂർക്കവിതയിൽ പ്രതിഫലിക്കുന്നതെങ്ങനെയെന്ന് വിശദീകരിക്കുക. *10*

**Q6. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) സി. എൻ. ശ്രീകണ്ഠൻ നായരുടെ രാമായണനാടകങ്ങൾ ഭാഷയിൽ നവീനമായ ഒരു നാടകാവബോധം സൃഷ്ടിക്കുവാൻ പര്യാപ്തമായതെങ്ങനെ ? *20*

(b) മദ്ധ്യകാല മലയാളകവിതയിലെ ആദ്യ സോദ്ദേശ രചനയായി നിരണം കൃതികളെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട് ? *15*

(c) മലയാളത്തിലെ സഞ്ചാരസാഹിത്യശാഖയെ എസ്. കെ. പൊറ്റെക്കാട്ട് സമ്പന്നമാക്കിയതെങ്ങനെ ? *15*

www.prepp.in

Prepp
Your Personal Exams Guide

**Q7. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) ശുദ്ധകാല്പനികതയുടെ ശക്തിദൗർബല്യങ്ങൾ ചങ്ങമ്പുഴക്കവിതയിൽ എങ്ങനെയൊക്കെയാണ് പ്രകടമാകുന്നതെന്ന് വിശദീകരിക്കുക. *20*

(b) ആദ്യകാല പത്രമാസികകൾ മലയാളനിരൂപണത്തെ പരിപോഷിപ്പിച്ചതെങ്ങനെ ? *15*

(c) ബിംബകല്പനകളുടെ സമൃദ്ധിയെക്കാൾ വാക്കുകളുടെ വൈകാരികതയും തീക്ഷ്ണമായ വൈയക്തികാനുഭൂതികളും ആവിഷ്കരിച്ച കവയിത്രിയാണ് സുഗതകുമാരി - വിശകലനം ചെയ്യുക. *15*

**Q8. താഴെകൊടുത്തിരിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.**

(a) സാമൂഹികാനുഭവങ്ങളിൽ നിന്നും വൈയക്തികമായ ജീവിതാവസ്ഥകളുടെ ആഖ്യാനത്തിലേക്ക് മലയാളകഥാസാഹിത്യം പരിണമിച്ചതെങ്ങനെയെന്ന് ആധുനിക ചെറുകഥകളെ മുൻനിർത്തി വിലയിരുത്തുക. *20*

(b) ഭാഷയിലെ മഹാകാവ്യപ്രസ്ഥാനം ഏറെ വിമർശനങ്ങൾക്കു വിധേയമായതും പിൽക്കാലത്ത് വേണ്ടത്ര ശ്രദ്ധിക്കപ്പെടാതെ പോയതും എന്തുകൊണ്ട് ? *15*

(c) അസാധാരണമായ സംവേദനക്ഷമതയും മനുഷ്യസ്നേഹാധിഷ്ഠിതവും ശക്തിസംവർദ്ധകവുമായ വിചാരധാരയുമാണ് ഉറൂബിന്റെ നോവലുകളുടെ ഹൃദ്യതയ്ക്കു നിദാനം എന്ന ആശയം പര്യാലോചനയ്ക്കു വിധേയമാക്കുക. *15*